# <u>കാലിക്കറ്റ് യൂണിവേഴ്സിറ്റി</u>

## ഇന്റേർണല് ഓഡിറ്റ് വിങ് ( ഫിനാൻസ് ബ്രാഞ്ച്)

## <u>ആഭ്യന്തര കണക്ക പരിശോധന റിപ്പോർട്ട് -കൂട്ടെക് നാട്ടിക -2019</u>

ആഭ്യന്തര കണക്കുപരിശോധന വിഭാഗം 16.5.2019,17.5.2019 എന്നീ തീയതികളിൽ കൂട്ടെക് നാട്ടിക സെന്ററിൽ ആഭ്യന്തര കണക്കു പരിശോധന നടത്തിയിരുന്നു. അതിന്റെ കണ്ടെത്തലുകൾ വിശദമായി താഴെ കൊടുക്കുന്നു.

**സെക്ഷൻ ഓഫീസർ : രജനീദേവി പി.കെ .**

**:സത്യനേശൻ.സി**

**: മനോജ്കുമാർ.ടി**

**പ്രിൻസിപ്പൽ :പ്രജിത പ്രതാപൻ**

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ :രമ്യ .കെ. ആർ .**

**ലൈബ്രേറിയൻ : ലത.കെ.കെ .**

**<u>ക്യാഷ് ബുക്ക് :</u>** 7.5.19 ഇൽ ക്യാഷ് ബുക്കിലെ ബാലൻസ് 296834 രൂപയാണ്. ബാങ്ക് സ്റ്റെമെന്റിൽ ആ ദിവസം 296834 രൂപ ബാലൻസുണ്ട്. വ്യത്യാസം കാണുന്നില്ല. ക്യാഷ് ബുക്കിൽ ചില പേജുകളിൽ ഓവർ റൈറ്റിംഗ് കാണുന്നുണ്ട്. അതൊഴിവാക്കേണ്ടതാണ്. ബാങ്ക് സ്റ്റെമെന്റ്റ് ബാലൻസും ക്യാഷ് ബുക്ക് ബാലൻസും ക്രമപ്പെടുത്തി പ്രിൻസിപ്പൽ മേലൊപ്പുവെച്ചതായിട്ടു കാണുന്നില്ല.

**<u>ബാങ്ക് അക്കൗണ്ട് :</u>**സ്ഥാപനത്തിലെ ദിവസേനയുള്ള ചിലവുകൾ SBI തൃപ്രയാർ ബ്രാഞ്ചിലെ അക്കൗണ്ട് No.57014279597 എന്ന അക്കൗണ്ട് വഴിയാണ് നടത്തുന്നത്.

**<u>PTA ക്യാഷ് ബുക്ക്</u>** :4.5.2019 ഇൽ ക്യാഷ് ബുക്കിൽ 76363 രൂപ ബാലൻസുണ്ട്. പാസ് ബുക്ക് പ്രകാരം 76363 രൂപ ബാലൻസുണ്ട്. വ്യത്യാസം കണ്ടില്ല. PTA തുക ഒരു കുട്ടിക്ക് 1000 രൂപയാണ്. SC/ST കുട്ടികൾക്ക് 250 രൂപയായും നിജപ്പെടുത്തിയിരിക്കുന്നു.

**<u>അറ്റൻൻസ് രജിസ്റ്റർ</u>**: പ്രസ്തുത രജിസ്റ്റർ പരിശോധിച്ചതിൽ അപാകതകൾ കണ്ടില്ല. അവധി ദിവസങ്ങൾ പ്രത്യകം രേഖപ്പെടുത്തേണ്ടതാണ്.ഡ്യൂട്ടി ലീവ്, കമ്മ്യൂട്ടേഡ് ലീവുകൾ, ആർജിതാവധി എന്നിവയുടെ വിവരങ്ങൾ റിമാർക്ക്സ് കോളത്തിൽ എഴുതേണ്ടതാണ്.

**<u>P A രജിസ്റ്റർ :</u>**പ്രസ്തുത രജിസ്റ്റർ പരിശോധിച്ചതിൽ 5000 രൂപയാണ് സ്ഥാപനത്തിന് അലോട്ട്മെന്റ് ഉള്ളത് 18.2.2012 ന ശേഷം പെർമനന്റ് അഡ്വാൻസ് സ്ഥാപനം സ്വീകരിച്ചതായിട്ടു കാണുന്നില്ല.

**<u>ഇങ്കംബെന്റ് രജിസ്റ്റർ :</u>** പ്രസ്തുത രജിസ്റ്റർ സൂക്ഷിക്കുന്നില്ല . സ്ഥാപനത്തിൽ ജോലി ചെയ്തവരുടെയും, നിലവിൽ ജോലി ചെയ്യുന്നവരുടെയും വിവരങ്ങൾ രെജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

**<u>കണ്ടിൻജന്റ് ബിൽ രജിസ്റ്റർ</u>** : 2013 മുതൽ 2015 വരെ പ്രസ്തുത രെജിസ്റ്ററിൽ കണ്ടിനജ്മെന്റ് ബില്ലിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

ഇൻവോയ്സ് No.104/21.11.2012 പ്രകാരം സ്ഥാപനത്തിലേക്ക് വാങ്ങിയ സ്റ്റീൽ ക്യാബിനറ്റ് ,സ്റ്റീൽ ബുക്ക് ഷെൽഫ്, സ്റ്റീൽ കമ്പ്യൂട്ടർ ടേബിൾ വിത്ത് കീബോർഡ്, റിവോൾവിങ് ചെയർ എന്നിവയുടെ ബില്ലിന്റെ വിവരങ്ങൾ കണ്ടിൻജന്റ് ബിൽ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതിന്റെ ബിൽ തുക 48962 രൂപയാണ്. Head of A/c Part II C-48500702/Repair /Purchase 2012-13 Budget അലോട്ട്മെന്റ് പ്രകാരമുള്ളതാണ്.

പ്രസ്തുത കണ്ടിൻജന്റ് ബില്ലുകൾ ഫിനാൻസിൽ സമർപ്പിച്ചതായിട്ടു കാണുന്നില്ല.

**<u>അക്സെഷൻ രജിസ്റ്റർ</u>**: രജിസ്റ്റർ പ്രകാരം 3978 ബുക്കുകൾ ഉള്ളതായിട്ടു കാണുന്നു. 90 ബുക്കുകൾ നഷ്ടപ്പെട്ടിട്ടുണ്ട്. 12 ബുക്കുകൾ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ആകെ 102 ബുക്കുകൾ എഴുതിത്തള്ളാനുള്ള നടപടികൾ എടുക്കേണ്ടതാണ്. ലൈബ്രറിയിൽ നിന്നും കുട്ടികൾക്ക് കൊടുത്ത ബുക്കുകൾ തിരിച്ചു കിട്ടിയതായിട്ടാണ് കാണുന്നത്.

**ഇ-ഗ്രാന്റ്സ് രജിസ്റ്റർ :** സ്ഥാപനത്തിലെ ഇ-ഗ്രാന്റ്സ് ഇടപാടുകൾ നടത്തുന്നത് 30964267783 എന്ന അക്കൗണ്ട് വഴിയാണ്. അക്കൗണ്ടിൽ 29425 രൂപ ബാലൻസ് ഉള്ളതായിട്ടു കാണുന്നു. ഇ-ഗ്രന്റ്സിനു അർഹരായ വിദ്യാർഥികളുടെ പേര് അഡ്മിഷൻ രെജിസ്റ്ററിൽ പ്രത്യകം രേഖപ്പെടുത്തേണ്ടതാണ്.

**സ്റ്റോക്ക് രജിസ്റ്റർ** :സംഭാവനയായി കിട്ടിയ വസ്തുക്കളുടെ വിവരങ്ങൾ സ്റ്റോക്ക് രെജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.വേറെ അപാകതകൾ കണ്ടില്ല.

**DCB രജിസ്റ്റർ** : 2018-19 വർ ഷത്തിലെ, സ്ഥാപനത്തിലെ DCB പരിശോധിച്ചതിൽ 11,80,350 രൂപ കിട്ടാനുള്ളതായിട്ടു കാണുന്നു.

CU CAMPUS — Suresh K.K

27.5.2019 — FINANCE OFFICER

**<u>ക്യാഷ് ബുക്ക്</u>**